MR. C. JEBAMONY NADAR:
164. To reduce the allotment of Rs. 2,04,477 for Amins, Process Peons etc., by Re. 1.

MR. K. KUNJU PANICKAR:
165. To reduce the allotment of Rs. 4,100 for travelling allowance by Rs. 10.

MR. KANNANTHODATH JANARDANAN NAIR.:
166. To reduce the allotment of Rs. 8,21,600 for Civil and Sessions Courts by Rs. 5.

MR. P. NARAYANA PILLAI:
167. To reduce the allotment of Rs. 1,02,200 for Criminal Courts by Re. 1.

MR. P. NARAYANA PILLAI:
168. To omit the allotment of Rs. 9,500 for Conciliation Offices.

MR. N. NARAYANA KURUP:
169. To reduce the total allotment of Rs. 11,11,900 under Demand III by Rs. 10.

MR. T. C. KESAVA PILLAI:
170. To reduce the total allotment of Rs. 11,11,900 under Demand III by Re. 1.

MR. P. S. MUHAMED:
171. To reduce the total allotment of Rs. 11,11,900 under Demand III by Re. 1.

MR. KANNANTHODATH JANARDANAN NAIR:
172. To reduce the total allotment of Rs. 11,11,900 under Demand III by Rs. 5.

MR. M. L JANARDANA PILLAI:
173. To reduce the total allotment of Rs. 11,11,900 under Demand III by Re. 1.

DEMAND IV—EDUCATION DEPARTMENT EXCLUDING TRAVANCORE UNIVERSITY Rs. 47,09,000.

MR. A. GOPALA MENON: Sir, I move for a grant not exceeding Rs. 44,09,004 under Demand IV—Education Department excluding Travancore University.

PRESIDENT: Legal Remembrancer, what do you say to motion No. 164?

MR. PUTHUPALLI S. KRISHNA PILLAI: Sir, the Personal Assistant has very little to do with the whole expenditure. It is a different matter if it was stated that the Personal Assistant is unnecessary. As it is, it is inadmissible.

Motions Nos. 174-192.

The following motions were not moved:

MR. K. G. GOVINDAN:
174. To reduce the allotment of Rs. 3,000 for Personal Assistant by Re. 1

MR. K. KUNJU PANICKAR:
175. To reduce the allotment of Rs. 3,000 for Personal Assistant by Rs. 10.

MR. PULIYOOR T. P. VELAYUDHAN PILLAI:
176. To reduce the allotment of Rs. 1,200 for Manager by Re. 1.

MR. K. G. GOVINDAN:
177. To reduce the allotment of Rs. 1,200 for Manager by Re. 1.

MR. K. R. NARAYANAN:
178. To reduce the allotment of Rs. 6,720 for Salaries by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN:
179. To reduce the allotment of Rs. 6.720 for Salaries by Re. 1.

MR. K. K. NARAYANAN:
180. To reduce the allotment of Rs. 6,720 for Salaries by Re. 1.

MR. K. R. NARAYANAN:
181. To reduce the allotment of Rs. 6,720 for Salaries by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI:
182. To reduce the allotment of Rs. 2,700 for travelling allowances by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI:
183. To reduce the allotment of Rs. 2,700 for travelling allowances by Re. 1.

MR. PULIYOOR T. P. VELAYUDHAN PILLAI:
184. To reduce the allotment of Rs 2,700 for travelling allowances by Re. 1.

MR. K. KUNJU PANICKAR:
185. To reduce the allotment of Rs. 2,700 for travelling allowances by Rs 10.

MR. K. NARAYANAPERUMAL NADAR:
186. To reduce the allotment of Rs. 2,700 for travelling allowances by Re. 1.

MR P. C. ADICHAN:
187. To reduce the allotment of Rs. 2,700 for travelling allowances by Rs. 10.

MR. P. NARAYANA PILLAI:
188. To reduce the allotment of Rs. 2,700 for travelling allowances by Re. 1.

MR. P. NARAYANA PILLAI:
189. To reduce the allotment of Rs. 2,700 for travelling allowances by Re. 1.

MR. A. K. KUMARAN VAIDYAN:
190. To reduce the allotment of Rs. 2,700 for travelling allowances by Re. 1.

MR K. NARAYANAPERUMAL NADAR:
191. To reduce the allotment of Rs. 34,300 for Direction by Re. 1.

MR. K. NARAYANAPERUMAL NADAR:
192 To reduce the allotment of Rs. 34,300 for Direction by Re. 1.

Motion No. 193.

MR. P. V. MATHAI CHEMPARATHY : Sir, I beg to move that Re. 1 may be reduced from the allotment of Rs. 34,300 for Direction.

The object in moving this motion is to bring to the attention o this House and the Government that in my taluk more schools ar needed especially in the rural parts In rural parts people experienc great difficulties to send their children to schools in distant places. Sc I would draw the attention of the Director of Education and also c Government that more liberal grants may be given to private agencie who conduct schools. It is with this object I move the motion.

MR. A. GOPALA MENON : Sir, the principle underlying the motio has been recognised by the Department and the Government. Th need for providing all facilities for primary education in the rural area of the State has been engaging the attention of Government for a num ber of years. The reason, why more liberal grants were not given t private agencies in recent times, is that money was not sufficient fc the purpose; recently the demand for schools has not been so prolific i in the past. I may assure the honourable member that every effort being made by the Department to satisfy the need of the rural parts i

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Gopala Menon.]

the matter of schools, by encouraging private enterprise. Almost all applications for the opening of new schools that are found to be necessary are complied with. With this assurance I request the honourable member to withdraw the motion.

MR. P. V. MATHAI CHEMPARATHY: I withdraw the motion.

The motion was by leave, withdrawn.

Motions Nos. 194-197.

The following motions were not moved:

MR. P. V. MATHAI CHEMPARATHI:

194. To reduce the allotment of Rs. 34,300 for Direction by Re. 1.

MR. P. V. MATHAI CHEMPARATHI:

195. To reduce the allotment of Rs 34,300 for Direction by Re. 1.

MR. P. NARAYANA PILLAI:

196. To reduce the allotment of Rs. 34,300 for Direction by Re. 1.

MR. P. NARAYANA PILLAI:

197. To reduce the allotment of Rs. 34,300 for Direction by Re. 1.

Motion No. 198.

MR. M. R. NARAYANA PILLAI: Sir, I move to reduce the allotment of Rs. 34,300 for Direction by Re. 1.

The object of this motion is to impress on the Government the necessity for entertaining E. S. L. C. holders with agricultural training in the departmental schools.

Sir, there are about 20 young men who have been given special training in the Government Agricultural Schools on the understanding that they would be entertained either in the Agricultural Department or in the Education Department. They made representations to Government and the Government issued an order whereby agricultural qualification has been treated as an additional qualification for appointment in the Education Department. But when they approached the Director of Education they were told that he had no power to make appointments as it was the Public Service Commissioner who was responsible for appointments. Unfortunately, the Public Service Recruitment Rules did not include this special qualification for eligibility for appointment in the Education Department or the Agricultural Department. The reason why they should be appointed in the Education Department is that the coaching given to pupils on കൃഷി ശാസ്ത്രം is very poor as has been testified to by the reports of the Chief Examiners for the last 3 or 4 years. To remedy this, therefore, these people with special qualifications in Agriculture should be appointed in the Education Department as teachers and the Public Service Recruitment Rules should be suitably amended by including agricultural qualification also for eligibility for appointment as teachers.

MR. A. K. KUMARAN VAIDYAN: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സ്കൂൾഫൈനൽ പരീക്ഷയും കൃഷിസംബന്ധമായ

LIBRARY ARCHIVES Kerala Legislative Assembly

പരീക്ഷയും പാസ്സായിട്ടുള്ളവരെ ഗവമ്മെൻറു സ്കൂളുകളിൽ കൃഷിശാസ്ത്രം പഠിപ്പിക്കാൻ എടുത്താൽ സാധുക്കളും തൊഴിലില്ലാത്തവരുമായ അവർക്കു അതൊരു വലിയ രക്ഷയായിരിക്കും. ഗവണ്മെൻറിൽനിന്നു ഇതിനെ സംബന്ധിച്ചു ഏതാണ്ടു പ്രവൃത്തിമാർഗ്ഗങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ടെന്നുള്ള സംഗതി എനിക്കറിയാവുന്നതുകൊണ്ടു് ഞാൻ ഇതിൽ കൂടുതൽ പറയണമെന്നു വിചാരിക്കുന്നില്ല.

MR. T. T. KESAVAN SASTRI : സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് രണ്ടുവാക്കുപറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇംഗ്ലീഷു സ്കൂൾഫൈനൽ പരീക്ഷയോ മലയാളം ഏഴാംക്ലാസ്സു, ഹയർ ഈ പരീക്ഷകളോ പാസ്സായി കൃഷിപാഠശാലയിലെ പരീക്ഷയും പാസ്സായിട്ടുള്ളവർക്ക് കൃഷി ഡിപ്പാർട്ടുമെൻറിലൊ അല്ലെങ്കിൽ ഇതരഡിപ്പാർട്ടുമെൻറുകളിലൊ ഉദ്യോഗം കിട്ടാതെ വളരെ വിഷമിക്കുന്നുണ്ടെന്നുള്ളതിനെസംബന്ധിച്ചു പലപ്പോഴും അവർ മെമ്മോറിയൽ മുഖേനയും മറുപ്രകാരത്തിലും അധികാരസ്ഥാനങ്ങളിൽ സങ്കടം സമർപ്പിച്ചിട്ടുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. കൃഷിപാഠശാലയിൽനിന്നും വിജയികളായി ഫിഷറിസ്കൂളുകളിൽ അദ്ധ്യാപകവൃത്തി ലഭിച്ചിട്ടുള്ളവർ ഉണ്ടു്. കൃഷി മത്സ്യവ്യവസായസ്കൂളുകളിൽ അദ്ധ്യാപകജോലി നൽകുന്നതുപോലെ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലും ഇവരെ നിയമിക്കുന്നതു നന്നായിരിക്കും. കൃഷിപാഠശാലയിൽ പഠിച്ചു് കാളപൂട്ടു്, നിലം ഉഴുതൽ മുതലായവയിൽ അഭ്യസനം നടത്തി പരീക്ഷാവിജയം സമ്പാദിച്ച വെളിയിൽ വരുന്നവർക്കു് ഗവമ്മെൻറുസർവീസിൽ അവരർഹിക്കുന്ന പ്രോത്സാഹനം ലഭിക്കുന്നില്ല എങ്കിൽ കഷ്ടമാണു്. ഇങ്ങനെ പാസാകുന്നവർക്കു് എല്ലാം ജോലികൊടുക്കാൻ വിഷമമായിരിക്കും. ജോലികിട്ടാൻ സൌകര്യമില്ലാത്തവർ സ്വന്തമായി കൃഷിചെയ്യാൻ നിർബന്ധിതരാകണം. ഗവമ്മെൻറു സഹായിക്കയുംവേണം. ഇവരുടെ കാര്യത്തെപ്പറ്റി എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറും കൃഷിഡിപ്പാർട്ടുമെൻറും യോജിച്ചു ഗവമ്മെൻറിനോടു പ്രത്യേകം ശുപാർശ ചെയ്യുകയും കൃഷിപരീക്ഷാ വിജയികൾക്കുകൂടി പ്രോത്സാഹനം ലഭിക്കുന്നതിനു പബ്ലിക്കുസർവീസ് റിക്രൂട്ടുമെൻറുവ്യവസ്ഥയിൽ വേണ്ടിവരുന്ന ഭേദഗതിചെയ്യുകയും, മറുപ്രകാരത്തിൽ അവരെ സഹായിക്കയും ചെയ്യണമെന്നു ഞാനും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. K. P. KOCHUKORA THARAKAN : സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇ. എസ്സ്. എൽ. സി. യോ വി. എസ്സ്. എൽ. സിയോ പാസ്സാകുന്ന വിദ്യാർത്ഥികളെക്കൊണ്ടു് ഇപ്പോൾ നാട്ടിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Koohu Kora Tharakan.]

പ്രയോജനവും ഇല്ലാതെയാണ് കാണുന്നതു്. എന്നു മാത്രമല്ല അവരെ കൊണ്ടു് രാജ്യത്തിനു പൊതുവെ വലിയ ഭാരവുമായിത്തീർന്നിരിക്കയാണു്. വിദ്യാഭ്യാസവിഷയത്തിൽ കൃഷി ഡിപ്പാർട്ടുമെൻറു ചെയ്യുന്ന പ്രവർത്തികൾകൊണ്ടു് തൃപ്തിപ്പെടാൻ യാതൊരു മാർഗവും കാണുന്നില്ല. അതുകൊണ്ടു് എല്ലാ മിഡിൽസ്കൂളുകളിലും ഹൈസ്കൂളുകളിലും കൃഷി പ്രധാനവിഷയമാക്കി പഠിപ്പിക്കേണ്ടതു അത്യാവശ്യമാണു്. അതു പുസ്തകത്തിൽ പഠിച്ചാൽ പോരാ പ്രവൃത്തികൊണ്ടു അവരെ പരിചയിപ്പിക്കുകയും അനുഭവം കൊണ്ടു് അവരെ തൃപ്തിപ്പെടുത്തുകയും വേണം.

ഇവിടത്തെ ജനങ്ങളിൽ തൊണ്ണൂറുശതമാനവും കൃഷിക്കാരാകുന്നു ഇപ്പോൾ അവരുടെ സന്താനങ്ങൾക്കു കൃഷിവിഷയത്തിൽ അവശ്യം വേണ്ട പാണ്ഡിത്യം സമ്പാദിക്കാൻ സാധിക്കുന്നില്ല. സാധാരണ സ്കൂളിൽ പഠിക്കുന്നവർക്കു കൃഷി എന്താണെന്നതന്നെ അറിഞ്ഞുകൂടെന്നു മാത്രമല്ല കൃഷിക്കു പോകുന്നതു ആക്ഷേപകരമാണെന്നു പോലും അവർ കരുതുന്നു. അതിനാൽ എല്ലാ സ്കൂളുകളിലും വിദ്യാർത്ഥികളെ കൃഷി പരിശീലിപ്പിച്ചാൽ വിദ്യാലയജീവിതം കഴിഞ്ഞു അവർ പുറത്തിറങ്ങുമ്പോൾ കൃഷിത്തൊഴിൽ ആക്ഷേപമായിട്ടു വിചാരിക്കാതെ ആദായകരമായ വിധത്തിൽ ശാസ്ത്രീയമായി കൃഷിചെയ്തു അതിൽനിന്നും ആദായം ഉണ്ടാക്കി അവർ ജീവിതം കഴിച്ചുകൊള്ളും. സ്കൂൾഫൈനൽ പാസ്സായിക്കഴിഞ്ഞാലുടനെ സർക്കാരുദ്യോഗം കിട്ടണമെന്നാണു് ഇപ്പോഴത്തെ അവരുടെ ആഗ്രഹം പബ്ലിക്കു് സർവീസു് കമ്മീഷനെ നിയമിക്കാൻ പോകുന്നെന്നു് കേട്ടയുടനെ ഉദ്യോഗത്തിനു അപേക്ഷിച്ചിട്ടു് ഇന്നും ഉദ്യോഗം കിട്ടാതെ കാത്തിരിക്കുന്ന അനേകരെ എനിക്കറിയാം. ഇങ്ങനെയുള്ള സാഹചര്യങ്ങൾ ഒടുക്കാതെ എല്ലാ മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിയ്ക്കുന്ന കുട്ടികൾക്കു് വേണ്ടവിധം കൃഷി പരിശീലനം കൊടുത്തു കൃഷിത്തൊഴിലിനെ അടിവുറപ്പിച്ചെടുത്താൽ തക്കവണ്ണം പാണ്ഡിത്യമുള്ളവരാക്കി അയയ്ക്കുന്ന പക്ഷം, അവർ ആ തൊഴിലുകൊണ്ടു് ജീവിക്കുകയും സർക്കാരുദ്യോഗത്തിനു് അപേക്ഷിക്കുന്നവരുടെ സംഖ്യ കുറയുകയും ചെയ്യും.

കൃഷി നിർബന്ധവിഷയമായിട്ടതന്നെ സ്കൂളുകളിൽ പഠിപ്പിക്കണം. കാളേജുകളിൽ പഠിക്കാൻ പോകുന്നവർ പോയിക്കൊള്ളട്ടെ. അവിടെ കൃഷി നിർബന്ധമാക്കണമെന്നില്ല. എന്നാലും ഐശ്ചികവിഷയമായിട്ടു കാളേജു് ക്ലാസ്സുകളിലും പഠിപ്പിയ്ക്കുന്നതു നന്നായിരിയ്ക്കും. വെറും പുസ്തകം മാത്രം പഠിക്കുന്നവരാണു് മറ്റുതൊഴിലുകൾക്കു കൊ

LIBRARY ARCHIVES Kerala Legislative Assembly

ള്ളാതെ ഉദ്യോഗം തേടിനടക്കേണ്ടിവരുന്നവർ. കൃഷിയിൽനിന്നു കൂടുതൽ വിളവുണ്ടാകുമെന്നു കാണിക്കത്തക്ക നിലയിൽ ഓരോസ്കൂളുകളിലും ഡെമോൺസ്ട്രേഷൻ ഫാറങ്ങൾ ഉണ്ടാക്കി ആവശ്യമുള്ള പരിശീലനം കുട്ടികൾക്ക് കൊടുക്കണം. അതൊരു വലിയ ചിലവുള്ളതല്ല; സ്ഥലം മാത്രം ഉണ്ടാക്കിയാൽ മതി. ജോലി എല്ലാം കുട്ടികൾ തന്നെ ചെയ്തുകൊള്ളും. ഇട്ടീഷിലും കൊച്ചിയിലും ഉള്ള ചില സ്കൂളുകളിൽ ഇങ്ങനെയുള്ള കൃഷിതോട്ടങ്ങൾ ഉള്ളതായും അവിടെ കുട്ടികളെ കൃഷി പരിശീലിപ്പിക്കുന്നതായും എനിക്കറിയാം. അങ്ങിനെയുള്ള സ്കൂളുകളിൽ നിന്നും പുറത്തു വരുന്നവർ സമർത്ഥന്മാരായിരിക്കും. തിരുവിതാംകൂറിലെ ഏതു സ്കൂളിൽ പഠിച്ചാലും പത്രം വായിക്കാനും പുസ്തകം വായിക്കാനും അറിയാമെന്നല്ലാതെ മറെറാന്നിനും കൊള്ളാരുതായിട്ടാണ് സാധാരണ കാണുന്നതു്.

MR P. SIVARAMA PILLAI : പ്രസംഗിക്കാൻ കൊള്ളുകയില്ലേ?

MR. K. P. KOCHUKORA THARAKAN : കുറെപേക്കു പ്രസംഗിക്കാനും അറിയാമായിരിക്കും. ഇന്നത്തെ നിലയിൽ കൃഷിഡിപ്പാർട്ടുമെൻറു് എത്രതന്നെ വിചാരിച്ചാലും കൃഷി വേണ്ടത്ര അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുകയില്ല. വല്ല മാർക്കറിലൊ മറെറാ കൃഷിഡിപ്പാർട്ടുമെൻറിലേ ഉദ്യോഗസ്ഥന്മാർ പ്രസംഗിച്ചതുകൊണ്ടു് വലിയ വിശേഷമൊന്നുമില്ല. നേരെമറിച്ചു് കൃഷി ആദായമുള്ള തൊഴിലാണെന്നും, ആദായകരമായ നിലയിൽ കൃഷിചെയ്യാൻ, സാധിക്കുമെന്നും കുട്ടികളേ പരിചയംകൊണ്ടു മനസ്സിലാക്കുകയും അവരുടെ മാതാപിതാക്കന്മാരേയും അവർ മുഖാന്തിരം ധരിപ്പിക്കുകയും ചെയ്യേണ്ടതു എത്രയും അത്യാവശ്യമാകുന്നു. അതുകൊണ്ടു് കൃഷിവിഷയം എല്ലാ പള്ളിക്കൂടങ്ങളിലും നിർബന്ധവിഷയമായി പഠിപ്പിക്കണമെന്നും, വിദ്യാലയങ്ങളോടു ചേർത്തു ഡെമോൺസ്ട്രേഷൻ ഫാറങ്ങൾ ഉണ്ടാക്കണമെന്നും അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചു കൊള്ളുന്നു.

MR. KODIVEETIL C. RAMANKUNJU : സർ, വിദ്യാഭ്യാസം സിദ്ധിച്ചു കൃഷി മുതലായ തൊഴിലുകളിൽ ഏർപ്പെട്ടു സ്വതന്ത്രജീവിതം നയിക്കുന്നതിനു താല്പര്യമില്ലാതെ അതിൽ നിന്നും പിന്മാറി ഉദ്യോഗത്തിനായി നടന്നു കഷ്ടപ്പെടുന്നവരെ കൃഷിയിലേക്കുതന്നെ തിരിച്ചുവിടണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൃഷിപാഠശാല ഏർപ്പെടുത്തി. ആ പാഠശാലയിൽ പരിശീലനം കഴിച്ചുവന്നു സ്വതന്ത്രമായി കൃഷിയിൽ ഏർപ്പെട്ടു മറുള്ളവർക്കു മാതൃകയായി തീരണമെന്നുള്ള ഉദ്ദേശമായിരിക്കണം ഗവണ്മെൻറി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kodiveetil C. Ramankunju]

നെ കൃഷി പാഠശാല ഏർപ്പെടുത്താൻ പ്രേരിപ്പിച്ചതു്. അതിൽനിന്നു പാസായിവരുന്നവർ ആ ഉദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ കഴിയുന്നതും ശ്രമിക്കുന്നുവെങ്കിൽ മാത്രമേ വിദ്യാഭ്യാസം ചെയ്തു തൊഴിലില്ലാതെ നടക്കുന്നവരെ കൃഷി ശാസ്ത്രീയമായ രീതിയിൽ നടത്തി സ്വതന്ത്രമായി ജീവിക്കുവാൻ കഴിയുമെന്നുള്ളതു മനസ്സിലാക്കിക്കൊടുക്കാൻ കഴിയുകയുള്ളു. ഇന്നാകട്ടെ അങ്ങിനെയുള്ളവർ ഗവൺമെൻറുദ്യോഗങ്ങൾക്കു ശ്രമിക്കയാണു് ചെയ്യുന്നതു്. കൃഷിപാഠശാലയിലെ പഠനം ഗവൺമെൻറുദ്യോഗത്തിനുള്ള ഒരു പ്രത്യേക കപാളിഫിക്കേഷനായി എടുക്കുന്നപക്ഷം അനേകം കൃഷിപാഠശാലകൾ ഏർപ്പെടുത്തുന്നതിനും അതിൽനിന്നും പാസായിവരുന്നവർക്കു് ഉദ്യോഗം കൊടുക്കുന്നതിനും ഗവണ്മെൻറു നിർബന്ധിതരായി തീരും. പ്രൊക്കേഷണൽ സ്കൂളുകൾ ഏർപ്പെടുത്തി ആ സ്കൂളുകളിലേക്കു ഇങ്ങനെയുള്ള പരിശീലനം സിദ്ധിച്ചവരാവശ്യമുണ്ടെങ്കിൽ അതിനു തക്കവണ്ണമുള്ളവരെ മാത്രം നിയമിക്കയല്ലാതെ മറ്റുള്ളവരെയെല്ലാം നിയമിക്കുന്ന നയം തുടങ്ങുകയാണെങ്കിൽ ഈ രാജ്യത്തു കൃഷി ഒരിക്കലും നന്നാവുകയില്ല. തൊഴിലില്ലായ്മയ്ക്കു അവസാനവും ഉണ്ടാകയില്ല. അതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ ശക്തിയായി എതിർത്തുകൊള്ളുന്നു.

MR. T. C. KESAVA PILLAI: സർ, ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി അനുകൂലിക്കുന്നു. തിരുവിതാംകൂറിൽ ഭൂരിപക്ഷം ആളുകളും കൃഷിക്കാരാകുന്നു. അവരുടെ സന്താനങ്ങൾ പള്ളിക്കൂടത്തിൽ പോയാൽ ഉദ്യോഗം കിട്ടുമെന്നുള്ള ആദർശത്തോടുകൂടി പഠിക്കയും നിരാശയോടുകൂടി മടങ്ങുകയും, അവരുടെ പിതാക്കന്മാരുടെ തൊഴിലിൽ പോകുന്നതു് കുറവാണെന്നുള്ള വിചാരത്തോടുകൂടി അലഞ്ഞുതിരിഞ്ഞു പലതരത്തിൽ നശിച്ചു നാമാവശേഷമായി തീരുകയും ചെയ്യുന്നുണ്ടു്. കൃഷി ഡയറക്ടർ അവർകൾ നൂതന രീതിയിൽ കൃഷിചെയ്യാവുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ടു്. എത്രതന്നെ പദ്ധതികൾ ഉണ്ടാക്കിയാലും ഈ നാട്ടിലെ ജനങ്ങൾക്കതിലഭിരുചിയില്ലെങ്കിൽ ഒന്നും സാധിക്കുകയില്ല. പള്ളിക്കൂടങ്ങളോടു ചേർന്നു നിലങ്ങളിലോ പുരയിടങ്ങളിലൊ കുട്ടികളെ കച്ചത്തോർത്തുമുടുപ്പിച്ചു് തുമ്പാ, മൺവെട്ടി മുതലായവകൊണ്ടു് വെട്ടിച്ചു വെള്ളം കോരിച്ചു കൃഷിചെയ്യിച്ചു് അതിൽനിന്നും കിട്ടുന്ന ആദായം എടുത്തു അവർക്കു് വേണ്ട ചില സൗകര്യങ്ങൾ ചെയ്താൽ കുലഭിമാനം എന്നതു് അവരുടെ മനസ്സിൽനിന്നും മാറിപ്പോകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. പരീക്ഷ ജയിച്ചാലും ഉദ്യോഗം കിട്ടിയില്ലെങ്കിലും അവർ കർഷകവൃത്തി ചെയ്തു ജീവിതം നയിക്കും.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയല്ലാതെ നമുക്ക് വേറെ തൊഴിലില്ല. വ്യവസായപരമായ നിലയിൽ ഈ രാജ്യം വന്നുചേരണമെങ്കിൽ ഇനിയും അനേകം കാലം വേണ്ടിയിരിക്കുന്നു. പല വ്യവസായങ്ങളും ഇവിടെ നടക്കുന്നുണ്ടെങ്കിലും അവയെല്ലാം ചില വിദേശികമ്പനികൾക്കായുള്ളതായിത്തീരുന്നു എന്നല്ലാതെ ഗവൺമെൻറിനോ ജനങ്ങൾക്കോ ആദായം കിട്ടുന്നില്ല. യന്ത്രങ്ങൾകൊണ്ടു നിർമ്മിച്ചിട്ടുള്ള സാമാനങ്ങളോടു മത്സരിച്ചു നിൽക്കുന്നതിനു ഇവിടത്തെ വ്യവസായികൾ നിർമ്മിക്കുന്ന സാധനങ്ങൾക്കു സാധിക്കുകയില്ല. അതുകൊണ്ടു നാടുടെ രാജ്യത്തിൻറെ സാമ്പത്തികനിലനിലനാകണമെങ്കിൽ വലിയ തോതിൽ കൃഷിക്കാരായ മിഡ്സെക്കൂട്ടറി അവർകളും, എഡ്യൂക്കേഷൻ ഡയറക്ടരും കൃഷി ഡയറക്ടരും കൂടിയാലോചിച്ചു ഉണ്ടാക്കേണ്ട വിധത്തിൽ പഠിപ്പിച്ചാലോചിച്ചു നമ്മുടെ കൃഷി വർദ്ധിപ്പിക്കത്തക്കവണ്ണവും, കൃഷിയിൽ ദാവിപരമ്പരകൾക്കു അഭിരുചിയുണ്ടാകത്തക്കവണ്ണവും, വേണ്ട പദ്ധതികൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു.

MR. A. GOPALA MENON: Sir, Government are in entire agreement with the desirability of appointing persons who possess special qualifications and agricultural training to teach the subject in the Middle Schools. Persons who possess general qualifications to be teachers are endowed with this technical qualification when they pass out of the Agricultural School. The matter was under consideration very recently and I think that the Government have agreed that those persons who have acquired special qualifications may be entertained as teachers in the Departmental schools. But the difficulty is that the power of appointments rests with the Public Service Commissioner. Before this power was transferred to the Public Service Commissioner, my predecessors in office have recruited many persons with similar qualifications and it would have been easy for the Departmental Head to pursue that policy without the complication of having to reconcile these appointments with the principle of communal rotation laid down by the Public Service Recruitment Rules. That is a matter which will be pursued further and considered in detail by the department, and formal proposals will be submitted to the Government.

MR. M. R. NARAYANA PILLAI: May I know how long it will take for the department to consider this?

MR. A. GOPALA MENON: Sir, the department is very quick in arriving at decisions but rather slow in making recommendations. But these proposals will be made very soon. New rules are being made regarding recruitment and timely recommendations will be made to Government in regard to this matter. What some of the honourable members referred to, regarding the question of giving agricultural training with general education is an independent question. The appointment of all these specially qualified agricultural teachers will

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Gopala Menon.]

not immediately cause a race of agriculturists to spring up from our schools, and this is evidently borne out by the fact that these specially qualified men are themselves now running after Government job.

MR. P. SIVARAMA PILLAI: May I know whether there was any undertaking by the Government when they were trained that they will be given appointments?

MR. A. GOPALA MENON: There was no undertaking. It was believed that the teachers who are thus specially trained will be better qualified to teach agricultural subjects than the people with only general qualifications. We want more teachers with these qualifications. We want experimental farms. We want more grounds than we now have. That means that before the vocational bias is introduced a little more investigation and a good deal of investment is required. But, as a first step, the appointment of such teachers will be desirable.

MR T. C. KESAVA PILLAI. കാഷ്വിക്സ്കൂളുകൾ നടത്തുന്നതിനു പ്രൈവറ്റ് സ്കൂൾ മാനേജർമാരെ നിർബന്ധിച്ചാൽ അവർ നടത്തുകയില്ലേ?

MR. A. GOPALA MENON: Sir, my difficulties with managements and managers are not quite unknown to my honourable friend Mr. Kesava Pillai. For the small grant of Rs. 8, it requires a more hard-hearted man than I to insist upon more grounds and more equipments and special vocational provision. But what I think is that some of them would be able to co-operate with the department when the department shows the way; and I am sure, in the course of our investigations on the vocational basis of school training, a definite step could be taken this year. I give the assurance to the honourable members of this House that the appointment of these teachers will be made possible by proper steps being taken in that direction.

Regarding an agricultural bias in education, a definite step will be taken in the course of this year.

MR. K. P. KOCHUKORA THARAKAN: ഡെമാൺസ്ട്രേഷൻഫാറം നടത്തുന്നതിനുവേണ്ടി പ്രൈവറ്റ് സ്കൂളുകളിൽ ഡെമാൺസ്ട്രേഷൻ ഫാറങ്ങളുണ്ടാക്കി കൃഷിത്തൊഴിൽ പഠിപ്പിക്കുന്നതിനു ഒരു സർക്കുലർ അയക്കുന്നതിൽ വിരോധമുണ്ടോ?

MR. A. GOPALA MENON: Every possible step will be taken. One of my main planks of the educational campaign is this.

MR. M. R. NARAYANA PILLAI: Is there any specially qualified teacher to teach the subject of vocational bias in the educational system?

MR. A. GOPALA MENON: Yes, we have a special officer for the purpose, and he would be entrusted, among many other things, with the possibility of imparting agricultural bias at least to some schoo...

LIBRARY ARCHIVES Kerala Legislative Assembly

MR. M. R NARAYANA PILLAI: May I know what he has to investigate in this matter?

MR. A. GOPALA MENON: There is nothing special he has to investigate, excepting the facilities available to particular schools.

MR. M. SIVATHANU PILLAI: May I know who is the officer?

MR. A. GOPALA MENON: There is an officer to advise the Director of Public Instruction in these matters. His name is Mr. P. S. Narayanaswami.

MR. M. R. NARAYANA PILLAI: Sir, in view of the answer given by the Director of Public Instruction I do not press the motion.

The motion was, by leave, withdrawn.

Motion No. 199.

MR. P. S. MUHAMED: സർ, ഇൻസ്പെക്ടറന്മാർക്കുള്ള ഫർണിച്ചർ ഓർഡറിൽ നിന്നും ഫോം ഒഴിവാക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം മുസ്ലീം വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കണമെന്നു കാണിക്കാനാണ്.

മുസ്ലീങ്ങളുടെ വിദ്യാഭ്യാസപ്രചരണത്തെ ഉദ്ദേശിച്ച് ഒരു മഹമ്മദൻ ഇൻസ്പെക്ടരെ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തെക്കൊണ്ട് കൂടുതൽ പ്രവർത്തിപ്പിച്ച് മുസ്ലീങ്ങളുടെ ഇടയിൽ വിദ്യാഭ്യാസത്തിനു കൂടുതൽ അഭിരുചിയുണ്ടാക്കണമെന്നാണു ഞാൻ ഈ ഉപക്ഷേപംകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. അങ്ങിനെ ഒരു ഉദ്യോഗം സൃഷ്ടിച്ചിരിക്കുന്നതു പള്ളിക്കൂടത്തിന്റെ ഭിത്തികളും നന്നായിരിക്കുന്നോ, അവിടെ നല്ലതുപോലെ വായു പ്രവേശിക്കുന്നുണ്ടോ എന്നൊന്നും നോക്കുവാൻ വേണ്ടിയല്ല, ആ വകക്ക് ഡിവിഷൻ ഇൻസ്പെക്ടറന്മാരും, മറ്റു അസിസ്റ്റൻറ് ഇൻസ്പെക്ടറന്മാരും ഉണ്ട്. ഇവർ അതാതു സ്ഥലത്തു പള്ളിക്കൂടത്തെപ്പറ്റിയും അവയുടെ സ്ഥിതികളെപ്പറ്റിയും അന്വേഷിച്ചുകൊള്ളും. എന്നാൽ മഹമ്മദൻ ഇൻസ്പെക്ടരെ നിയമിച്ചിരിക്കുന്നതിന്റെ ഉദ്ദേശം വിദ്യാഭ്യാസത്തിൽ തീരെ അഭിരുചിയില്ലാത്ത ഈ കൂട്ടരെ,—അതു തെറ്റിദ്ധാരണമൂലമോ അല്ലെങ്കിൽ മറ്റു അന്ധവിശ്വാസംമൂലമോ ആയിരിക്കാം, പൊതുവെ കാലോചിതമായ വിദ്യാഭ്യാസത്തിലേക്ക് പ്രേരിപ്പിക്കയും പ്രോത്സാഹിപ്പിക്കയും മുസ്ലീം വിദ്യാർത്ഥികളെ പള്ളിക്കൂടത്തിലേക്ക് ധാരാളമായി അയയ്ക്കുന്നതിനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നതിനുവേണ്ടിയാണു. ഇന്ന് അദ്ദേഹം ഇക്കാര്യത്തെപ്പറ്റി ശ്രദ്ധിക്കുന്നില്ലയെന്നോ, ഇതുവരെ യാതൊന്നും പ്രവർത്തിച്ചിട്ടില്ലായെന്നോ ഞാൻ പറയുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed]

ഇതുപർയ്യന്തമുള്ള ശ്രമംകൊണ്ട് പ്രയോജനകരമായ ഫലമുണ്ടായിട്ടില്ലേ. അതു അദ്ദേഹത്തിന്റെ പ്രവർത്തി പദ്ധതിക്കുള്ള എന്തൊ ന്യൂനതകൊണ്ടായിരിക്കണം. ഫ ഫ ഫനു-ൽ ഇംഗ്ലീഷ് സ്കൂളിൽ പോകുന്ന മുസ്ലീം വിദ്യാർത്ഥികളുടെ എണ്ണം ൨ ഫ ൦ ൨ ആയിരിക്കെ, ഫ ഫ ഫ ർ-ൽ അതു ൨ ൦ ൬ ആണ്. ഒരുകൊല്ലംകൊണ്ടു ൬ പേർ കുറഞ്ഞു, ഇവരുടെ വിദ്യാഭ്യാസപ്രചരണത്തിനുവേണ്ടി പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്ന സ്ഥിതിക്കു ഈ കുറവുവരാൻ പാടില്ലാത്തതാണ്. എന്തോ ചില പ്രതിബന്ധങ്ങൾ അദ്ദേഹത്തിന്റെ പ്രവൃത്തിക്കു ഉണ്ടായതുകൊണ്ടായിരിക്കണം ഇങ്ങിനെവന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മലയാളം സ്കൂളുകളിൽ ഫ ഫ ഫനു-ൽ നു ൦ വുൻനു കുട്ടികൾ പഠിച്ചുകൊണ്ടിരുന്നു. ഫ ഫ ഫ ർ-ൽ പഠിച്ച കുട്ടികൾ ൨ൻ ർ ൻ ൦ ആണ്. അങ്ങിനെ ഫ ർ ൦ നു കുട്ടികൾ ഒരു കൊല്ലംകൊണ്ടു കുറഞ്ഞു. ഇപ്രകാരം ആണ്ടുതോറും കുട്ടികൾ കുറഞ്ഞുവരുന്നതിനുള്ള കാരണം എന്താണെന്ന് കണ്ടുപിടിച്ചു് അതിനുള്ള പരിഹാരമാർഗ്ഗം കഴിയുന്നതും വേഗത്തിൽ നിർദ്ദേശിച്ചു് ഇവയെല്ലാം ഡിപ്പാർട്ടുമെൻറു മേധാവിയുടെ ശ്രദ്ധക്കു വിഷയീഭവിപ്പിക്കേണ്ട ചുമതല ഈ മുഹമ്മദൻ ഇൻസ്പെക്ടർക്കു ഉണ്ടായിരിക്കണം. കൂടാതെ, മുസ്ലീങ്ങൾക്കു വിദ്യാഭ്യാസത്തിൽ കൂടുതൽ അഭിരുചിയുണ്ടാക്കുവാൻ, വിദ്യാർത്ഥികളെ കൂടുതലായി പള്ളിക്കൂടങ്ങളിൽ അയപ്പിക്കുക, മുസ്ലീങ്ങൾക്കു പ്രത്യേകം സ്കൂളുകൾ ഏർപ്പെടുത്തുവാൻ സാധിക്കുന്ന സ്ഥാനങ്ങളിൽ അവയുണ്ടാക്കുക, മുസ്ലീങ്ങളുടെ വിദ്യാഭ്യാസത്തിനെ പ്രോത്സാഹിപ്പിക്കുവാൻ ഇടനൽകുന്ന മറ്റുമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക മുതലായ കാര്യങ്ങളിൽ അദ്ദേഹത്തെ പ്രത്യേകം ചുമതലപ്പെടുത്തുന്ന കാര്യം ഡിപ്പാർട്ടുമെൻറു മേധാവിയുടെ ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതുമാകുന്നു. അതിനുവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്.

MR. A. GOPALA MENON: Sir, the honourable member Mr. P. S. Muhamed appreciates the work done by the Muhammedan Inspector of Schools. He is an energetic person who has given very good advice in regard to the progress of Muslim education by various reports in the course of each year, and in some cases I have followed up these reports and made personal enquiries. My honourable friend who has referred to the fall or decrease of Muslim students in Malayalam schools must remember that it goes with the general fall which is explained in another part of the report. The fact is that the rule, which was not observed properly, was strictly enforced last year, to the effect that no children below 5½ years should be put in any school. As

LIBRARY ARCHIVES Kerala Legislative Assembly

a result a few children had to be kept out. But that is not a matter for which the Mahommedan Inspector was in any way personally responsible. The Mahommedan Inspector has been active in organising the Parents and Teachers' Associations in many parts and through the co-operation of parents and teachers he is materially helping to the increase of muslim boys attending schools. That is an aspect of the matter which my honourable friend has admitted.

One difficulty, Sir, which I have observed when I made personal investigation about the lack of proper incentive for pupils to attend schools, is the conflict between local sections, some misunderstanding between the Arabic or the Quoran teacher and other Mahommedans in the locality. At Kandala, for instance, where I went the other day and made personal enquiries, I found that about seventy to eighty students were prevented from attending the departmental school by a Mahommedan gentleman who is teaching them and who will never allow them to go to the departmental school so long as the present Quoran teacher is there. Similar difficulties have been pointed out in the report. I propose to visit some of these localities and argue with the people to see that the educational facilities available will be fully made use of by all the members of the community. I can assure the honourable member that but for these difficulties much is being done, and wherever the full authority of the Department is required to compel or back up the activities of the Mahommedan Inspector, it will not be found wanting, and every effort will be made to increase the number of Mahommedan pupils.

MR. P. S. MUHAMED: I withdraw.

The motion was, by leave, withdrawn.

Motion No. 200.

The following motion was not moved:

MR. P. C ADICHAN:

To reduce the allotment of Rs. 1,600 for travelling allowance by Re. 1.

Motion No. 201.

MR. KANNANTHODATH JANARDANAN NAIR: I rise to move Motion No. 201—to omit the allotment of Rs. 13,300 for Inspectress of Schools.

Answering one of my interpellations in the House, the Director of Public Instruction stated that there are 600 to 700 and 800 to 900 schools under the Divisional Inspectors. From the same answer I see that there are only some 80 to 90 girls, schools in the State, under the Chief Inspectress of schools. Besides the Chief Inspectress there is also an assistant under her for purposes of inspection of these 80 to 90 schools. I remember, Sir, when the present Legal Remembrancer was a non-official member of this House, he moved a motion for the abolition of the post of the Personal Assistant to the then Inspectress.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kannanthodath Janardanan Nair.]

The motion was carried, and in recognition of the public opinion so expressed Government adopted that motion and abolished that place. But somehow or other it was reinstated in another form, that is, as an Assistant Inspectress. That is how we find her there now. Now we have converted all our primary schools into combined schools. In most of those schools there are more girls than boys. Besides, most of our middle schools and high schools too admit girl students. These schools are at present inspected by inspectors. Schools exclusively for girls are very few, as I said, from 80 to 90 altogether. They are spread throughout the state.

MR. PULIYOOR T. P. VELAYUDHAN PILLAI: I rise to a point of order. We do not see the object of the motion stated.

MR. KANNANTHODATH JANARDANAN NAIR: My motion is to omit the whole grant.

MR. PUTHUPALLI S. KRISHNA PILLAI: When a motion is made for the omission of a grant no reason need be stated. The reasons which induced the member to move for the omission can be stated here.

DEPUTY PRESIDENT: This motion is for the omission of the whole allotment.

MR. KANNANTHODATH JANARDANAN NAIR: My point is that the Assistant Inspectress and the establishment under her is not required for the sake of inspecting some eighty to ninety schools in the State because the schools can be divided and given to the Division Inspectors. I do not think it will be an additional burden on them for their share of 20 or 25 will not add appreciably to 800 or 900 already under them. The Director of Public Instruction to my further interpellation stated that the point is being considered by Government. But that consideration has not fructified. Somehow or other we had to wait very long for the consideration to be over. I hope it will soon be over and we will be saved of an unnecessary expenditure of Rs. 13,000. I commend the motion to the house.

MR. PULIYOOR T. P. VELAYUDHAN PILLAI: I rise to a point of order. It was submitted that for any omission the object need not be mentioned. But Sir, we see in the printed form a foot-note that for every motion explanation has to be given. That is note No. 1.

MR. KANNANTHODATH JANARDANAN NAIR: It is only stated that the reasons *may* be given. *May* is not imperative.

MR. PULIYOOR T. P. VELAYUDHAN PILLAI: It is applicable both for reduction and for omission.

DEPUTY PRESIDENT: It is the accepted practice of the House that the object for the omission of an item need not be stated. That seems to be the practice prevailing here. Mr. Janardanan Nair, you may continue.

LIBRARY ARCHIVES Kerala Legislative Assembly

MR. KANNANTHODATH JANARDANAN NAIR : Sir, I have finished.

MR. A. K. KUMARAN VAIDYAN : ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. തിരുവിതാംകൂറിലെ പല ഡിപ്പാർട്ടുമെൻറുകളിലും പേഴ്സനൽ അസിസ്റ്റൻറന്മാരും അവരുടെ അസിസ്റ്റൻറന്മാരും ഉള്ളപ്പോൾ എന്തു കൊണ്ടാണു ചീഫ് ഇൻസ്പെക്ടസിനേയും അവരുടെ പേഴ്സനൽ അസിസ്റ്റൻറിനേയും മാത്രം കുറയ്ക്കണമെന്നു പറയുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഓരോ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷന്മാരുടെയും കീഴിൽ രണ്ടും മൂന്നും പേഴ്സനൽ അസിസ്റ്റൻറന്മാരും മറ്റും ഉള്ളപ്പോൾ ചീഫ് ഇൻസ്പെക്ടസിനു ഒരു പേഴ്സനൽ അസിസ്റ്റൻറിനെ അനുവദിച്ചു കൊടുത്തിരിക്കുന്നതു ഏതുരീതിയും ന്യായംതന്നെയാണ്.

MR. KANNANTHODATH JANARDANAN NAIR : ചീഫ് ഇൻസ്പെക്ടസിന്റെ കീഴിൽ എത്ര സ്കൂളുകളുണ്ട് പരിശോധിക്കുവാൻ?

MR. A. K. KUMARAN VAIDYAN : എനിക്കു നിശ്ചയമില്ല.

MR. KANNANTHODATH JANARDANAN NAIR : മറ്റു ഇൻസ്പെക്ടറന്മാർ ഓരോരുത്തരുടേയും കീഴിൽ പരിശോധിക്കുവാനുള്ള സ്കൂളുകളും എത്രയുണ്ടെന്നറിയാമോ ?

MR. A. K. KUMARAN VAIDYAN : അതിനു അസിസ്റ്റൻറു ഇൻസ്പെക്ടറന്മാരുണ്ടല്ലോ.

MR. KANNANTHODATH JANARDANAN NAIR : ഓരോ ഇൻസ്പെക്ടർമാരുടേയും കീഴിൽ വ o o സ്കൂളുകൾവീതം പരിശോധനക്കായി ഉള്ളപ്പോൾ ചീഫ് ഇൻസ്പെക്ടസിനു ൻ o സ്കൂളുകൾമാത്രമാണു പരിശോധിക്കുവാനുള്ളതു്. അതു നിമിത്തം അവർക്കു ഒരു പേഴ്സനൽ അസിസ്റ്റൻറിന്റെ ആവശ്യമുണ്ടോ ?

MR. A. K. KUMARAN VAIDYAN : അവർക്കു രാജ്യമൊട്ടുക്കു സഞ്ചരിക്കേണ്ടതായിട്ടുള്ളതുകൊണ്ടും അവർ ഒരു സ്ത്രീയല്ലെ, എന്നു വിചാരിച്ചും ഒരു പേഴ്സനൽ അസിസ്റ്റൻറിനെക്കൂടി നിയമിച്ചുകൊടുത്തിരിക്കുന്നതിൽ വലിയ ആക്ഷേപമൊന്നുമില്ലെന്നാണു എന്റെ അഭിപ്രായം. ഒരു പക്ഷെ അതുകൊണ്ടു അൽപ ലാഭമുണ്ടായിഎന്നുവരാം. എന്നാൽ ആഫീസിൽ ഇരിക്കുവാനുള്ള സൗകര്യവും ധാരാളമുള്ള അവർക്കു യാത്രാക്ലേശവുംമറ്റും അനുഭവിക്കേണ്ടതായിട്ടുള്ളതോർക്കുമ്പോൾ ഈ പേഴ്സനൽ അസിസ്റ്റൻറു ഉദ്യോഗം നിരുത്തിക്കളയാവുന്നതല്ലെന്നു എനിക്കു തോന്നുന്നു. അതിനാൽ ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. A. GOPALA MENON: Sir, this proposition has been engaging the attention of Government for a very long time. Government have examined all aspects of the question and have decided that for the time being the matter need not be proceeded with. The idea of abolishing the post of Inspectress of Girls' Schools involves a big principle. This post has been in existence for about a generation and abolition of the post cannot be lightly carried out.

MR. KANNANTHODATH JANARDHANAN NAIR: May I know whether it is the opinion of the honourable member that because the post has been in existence for a century, it should be continued?

MR. A. GOPALA MENON: Yes, because there is a tradition attaching to all such appointments.

MR. KANNANTHODATH JANARDHANAN NAIR: May I know, Sir, whether that tradition should not have some advertence to the necessity for continuing the appointment?

MR A. GOPALA MENON: I am coming to that. As a matter of fact this is not a superfluous appointment as Mr. Kumaran Vaidyan observed. A person in charge of the female education in the State is highly necessary. Of course, when there is an Inspectress, there should be an Assistant Inspectress, considering the vast area over which her jurisdiction extends and the different types of institutions over which she is to have control. Therefore, there is no question of superfluity or the appointment being unnecessary, for the purposes of the Department. It was only a proposal to readjust the jurisdiction and to make some rearrangements with a view to the proper supervision of girls' schools in the state, that was engaging the attention of Government. There were complications involved. The question of the inspection of the physical exercise of girl pupils by male inspectors or by a male teacher, and again the question of the contact between male and female teachers of a certain age and of the mixing of girls with boys of a certain age - these are all very delicate matters; and Government came to the conclusion, I believe on these grounds, though it has not been so stated, that it is necessary to postpone consideration of this question. Although as a whole no objection was raised against a re-arrangement for the purpose of efficiency, they did not see their way to sanction or at least approve of any change in the present arrangement for the time being. Of course, whenever it becomes possible, and the Government feel it necessary, necessary changes will be effected. I again assert that these appointments are not unnecessary, not that any appointment under Government can be unnecessary; but they are necessary in a special sense, dealing with a special subject in a special manner so that the abolition of the posts of the Inspectress and the Assistant Inspectress would involve the Department in serious difficulty. So I request the honourable member not to press his motion.

MR. KANNANTHODATH JANARDHANAN NAIR: Considering the difficulties with which the Departmental Head is faced at present, I do not press the motion.

The motion was, by leave of the House, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

Motion No. 202.

MR. P. S. MUHAMED: സർ, ഇൻസ്പെക്ടർമാരുടെ ട്രാവലിംഗ് അലവൻസ് 100 രൂപയിൽനിന്ന് 150 രൂപ കൂറയ്ക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപംകൊണ്ടു ഉദ്ദേശിക്കുന്നതു മുസ്ലീം സ്ത്രീവിദ്യാഭ്യാസത്തെ കൂടുതലായി പ്രചരിപ്പിക്കണമെന്നുള്ള ഡിപ്പാർട്ടുമെൻറിനെ മുന്നറിയിക്കുവാനാണ്.

MR. M. R. NARAYANA PILLAI: I rise to a point of order. The question of paying special attention to Muslim girls, education is something which pertains to Government. I wish to know whether the member is in order in moving this motion.

DEPUTY PRESIDENT: It relates to departmental activities and the motion is in order. You may proceed, Mr. Muhamed.

MR. P. S. MUHAMED: മുസ്ലീം പുരുഷന്മാരുടെ വിദ്യാഭ്യാസത്തെന്നെ വളരെ മോശമായ ഒരു നിലയിലാണിരിക്കുന്നതെന്നു ഞാൻ മുൻപൊരു വസരത്തിൽ അവതരിപ്പിച്ച ഒരു ഉപക്ഷേപത്തെ മുൻനിറുത്തിക്കൊണ്ടു കാണിച്ച കണക്കുകളിൽനിന്നു കാണാവുന്നതാണ്. അതിനേക്കാൾ വളരെ ഭയങ്കരമായ ഒരു നിലയാണു മുസ്ലീം സ്ത്രീവിദ്യാഭ്യാസത്തിന്റെ സ്ഥിതി. ഒന്നാമതു അന്ധവിശ്വാസംകൊണ്ടോ അല്ലെങ്കിൽ മതപരമായ മറെറന്തെങ്കിലും ആചാരബന്ധങ്ങൾകൊണ്ടോ, മുസ്ലീം സ്ത്രീകൾ പൊതുവെ വെളിയിൽ ഇറങ്ങുവാൻ പാടില്ലാത്ത ബോധത്തോടുകൂടി വർത്തിച്ചുവരുന്നു. ഈ ആചാരം അവരുടെ വിദ്യാഭ്യാസപ്രചരണത്തിനു വലിയ തടസ്സമായി നിൽക്കുന്നുണ്ട്. വയറു നിറക്കുവാൻ മറെറാ മാർഗ്ഗങ്ങളൊന്നുമില്ലാത്തവർ ചിലപ്പോൾ പുറത്തുപോകുവാൻ നിർബന്ധിതരായിത്തീരും. എങ്കിലും അഭിമാനമുള്ളവർ സാധാരണ വീട്ടിൽനിന്നു വെളിയിലിറങ്ങുകയില്ല. ഇന്നും എട്ടോൻപതു വയസ്സു പ്രായംകഴിഞ്ഞ പെൺകുട്ടികളെ ഈ കാരണംകൊണ്ടു പള്ളിക്കൂടത്തിൽ അയക്കാതിരിക്കുന്നുണ്ട്.

MR. K. P. KOCHUKORA THARAKAN: മുസ്ലീം സ്ത്രീകൾ ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ ഇപ്പോൾ ധാരാളമായി പോകുന്നുണ്ടെന്നു മെംബർക്കറിയാമോ?

MR. P. S. MUHAMED: ഞാൻ അതിനെപ്പററി പറയാൻ തുടങ്ങുകയാണ്.

ചില സമുദായപരിഷ്കാരേച്ഛുക്കൾ വളരെ പ്രതിബന്ധങ്ങൾ സഹിച്ചും വലിയ ആക്ഷേപങ്ങൾകേട്ടും അവരുടെ പുത്രിമാരെ പള്ളിക്കൂടങ്ങളിലേക്കയയ്ക്കുന്നുണ്ട്. എന്നാൽ ഇന്നും ന മുദായത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

വിലയും നിലയുമുള്ളവർ അവരുടെ കുട്ടികളെ അയച്ചുതുടങ്ങിയിട്ടില്ല. സാധുക്കളായിട്ടുള്ളവർ പഠിച്ചു പാസായിവന്നാൽ വല്ല ഉദ്യോഗമൊ മറെറാ കിട്ടിയെങ്കിലൊ എന്നു വിചാരിച്ചു ചിലപ്പോൾ പെൺകുട്ടികളെ അയക്കാറുണ്ട്. ആ കുട്ടികൾ പലപ്പോഴും മറെറുള്ളവരുടേയും മറെറ ജാതിക്കാരുടേയും സഹായസഹകരണങ്ങൾകൊണ്ടാണു പഠിച്ചുവരുന്നതെന്നു കാണാൻ കഴിയും. ഈ അവശത ആദ്യകാലത്തു ചില പ്രലോഭനങ്ങളുടെ ഫലമായി വന്നിട്ടുള്ളതാണ്. അതുകൊണ്ടു ഈ പ്രശ്നത്തിന്റെ നാനാവശങ്ങളേയുംപററി ഗവണ്മെൻറു ചിന്തിച്ചു് മുസ്ലീം സ്ത്രീവിദ്യാഭ്യാസപ്രചരണത്തെ പ്രോത്സാഹിപ്പിക്കയും മുസ്ലീം സ്ത്രീകളെ ധാരാളമായി വിദ്യാലയങ്ങളിൽ അയപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു.

ഇപ്പോൾ മുസ്ലീം സ്ത്രീകൾ ധാരാളമായി പള്ളിക്കൂടത്തിൽ പോകുന്നില്ലെ, എന്നു എന്റെ ബഹുമാന്യ സ്നേഹിതൻ ചോദിക്കുകയുണ്ടായി. ഫസ്റ്റ് ഫോറം-ൽ പള്ളിക്കൂടത്തിൽ പഠിക്കുന്ന മുസ്ലീം സ്ത്രീകളുടെ എണ്ണം കുറവു തന്നെ ആണ്. മറെറ സമുദായങ്ങളിൽ നിന്നു ലക്ഷക്കണക്കിനു സ്ത്രീകൾ വിദ്യാലയങ്ങളിലേക്കുപോകുന്ന ഈ സന്ദർഭത്തിൽ പിന്നോക്കസമുദായമെന്നൊ, അധഃകൃതസമുദായമെന്നൊ ഗണിക്കപ്പെട്ടുന്നവരുടെ സ്ത്രീജനങ്ങളെക്കാൾ തുലോം കുറവായ സ്ത്രീജനങ്ങൾക്കാണു മുസ്ലീം സമുദായത്തിൽനിന്നും വിദ്യാലയപ്രവേശനം ലഭിച്ചിരിക്കുന്നതു്. മുസ്ലീം സ്ത്രീകൾ വിദ്യാഭ്യാസവിഷയത്തിൽ എത്രമാത്രം പിന്നോക്കം നിൽക്കുകയാണെന്നുള്ളതിനെപ്പററി അധികം പ്രത്യേകം പറയേണ്ടകാര്യമില്ല. ഈ ദുസ്ഥിതിയെ മാററി മുസ്ലീം സ്ത്രീവിദ്യാഭ്യാസത്തെ ഗവണ്മെൻറു വേണ്ടവിധം പ്രോത്സാഹിപ്പിക്കണമെന്നപേക്ഷിക്കുന്നു.

MR. M. SIVATHANU PILLAI : ഏതെല്ലാംവിധത്തിൽ പ്രോത്സാഹിപ്പിക്കണമെന്നാണു മെംബർ അഭിപ്രായപ്പെടുന്നതു് ?

MR. P. S. MUHAMED : ഏതെല്ലാംതരത്തിൽ പ്രോത്സാഹിപ്പിക്കുവാൻ കഴിയും എന്നുനോക്കിയും, ഇന്നു ഗവണ്മെൻറു ഏതെല്ലാംതരത്തിൽ പ്രോത്സാഹനം നൽകുന്നുണ്ടൊ അവയെ ദാക്ഷിണ്യബുദ്ധിയോടുകൂടി വിപുലപ്പെടുത്തിയും അതിലേക്കുവേണ്ടി പുതുനടപടികളായ നിർദ്ദേശങ്ങൾ വല്ലതും മഹമ്മദൻ ഇൻസ്പെക്ടരിൽനിന്നു ലഭിക്കുവാൻ കഴിവുണ്ടൊ എന്നുനോക്കിയും പ്രോത്സാഹിപ്പിക്കണമെന്നാണു ഞാൻ പറഞ്ഞതു്.

MR. M. SIVATHANU PILLAI : അതിലേക്കു ഡിപ്പാർട്ടുമെൻറിൽനിന്നു, എന്താണിപ്പോൾ ചെയ്യേണ്ടതു് ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : അതു നിശ്ചയിക്കേണ്ടതു ഞാനല്ല, ഡയറക്ടർ അവർകളാണ്. ഇന്നു നിലവിൽ ഒരു ഫീസു സൗജന്യവ്യവസ്ഥയുണ്ട്. പിന്നോക്കസമുദായക്കാക്കു അനുവദിച്ചിട്ടുള്ള ഇടത്തോളമൊ, ഒരുപക്ഷെ അതിൽ കൂടുതലൊ ഫീസ് സൗജന്യം മുസ്ലീം സ്ത്രീകൾക്കു അനുവദിച്ചു കൊടുക്കണമെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. പിന്നോക്കസമുദായക്കാർ അവശസമുദായക്കാരാണ്. അവക്കു ശക്തിയില്ലാ എന്നുള്ള ആശയത്തിലാണല്ലൊ ഫീസ് സൗജന്യങ്ങളും മറ്റും ഏർപ്പെടുത്തിയിരിക്കുന്നതു്. ഇവിടെ ഞാൻ പറയുന്നതു്, ഞങ്ങൾക്കു കുറെയൊക്കെ ശക്തിയുണ്ട്, പക്ഷെ, ആചാരമര്യാദകൊണ്ടും മറ്റും ഞങ്ങളുടെ സ്ത്രീജനങ്ങൾ വെളിയിലിറങ്ങാനുള്ള മടികൊണ്ടു അവരുടെ വിദ്യാഭ്യാസനിലതുലോം അധഃപതിച്ചുപോയി, അതിനാൽ അവരെ എങ്ങിനെയെങ്കിലും സ്കൂളിൽ പ്രവേശിപ്പിക്കണം എന്നാണു.

MR. M. SIVATHANU PILLAI : ബലം പ്രയോഗിച്ചു് സ്കൂളിൽ അയക്കണമെന്നാണൊ മെംബർ പറയുന്നതു് ?

MR. P. S. MUHAMED : വേണ്ടിവന്നാൽ കമ്പൽസറി എഡ്യൂക്കേഷൻ വ്യവസ്ഥകൂടി ഏർപ്പെടുത്തുന്നതിനും എനിക്കു വിരോധമില്ല.

MR. T. T. KESAVAN SASTRI : മുസ്ലീം സമുദായത്തിൽ ബി. എ ഡിഗ്രിസമ്പാദിച്ച സ്ത്രീകളില്ലെ ?

MR. P. S. MUHAMED : രണ്ടാളുണ്ടു്.

MR. T. T. KESAVAN SASTRI : പിന്നോക്കസമുദായക്കാരിൽ ബി. എ. പാസായ സ്ത്രീകൾ ആരെങ്കിലുമുള്ളതായി അറിയാമൊ ?

MR. P. S. MUHAMED : എന്നെ മെംബർ തെറ്റിദ്ധരിക്കരുതെന്നപേക്ഷിക്കുന്നു. പിന്നോക്കസമുദായക്കാക്കു ഇന്നു കിട്ടുന്ന സൗജന്യങ്ങൾ ആവശ്യമില്ലാത്തതാണെന്നു ഞാൻ പറഞ്ഞില്ല, പറയുകയുമില്ല. ഇനിയും കൂടുതൽ സൗജന്യങ്ങൾ അവക്കു കൊടുക്കുന്നതിൽ എനിക്കു ഒരു വിരോധവുമില്ല. എന്നാൽ മുസ്ലീം സ്ത്രീവിദ്യാഭ്യാസം വളരെ അധഃപതിച്ചുകിടക്കുന്നു എന്നും അതിന്റെ പ്രോത്സാഹനത്തിനുവേണ്ടി ഗവണ്മെൻറു കഴിവുള്ളതു ചെയ്യണമെന്നുമാണു ഞാൻ പറഞ്ഞതു്.

MR. M. SIVATHANU PILLAI : മെംബർക്കു ചിലപ്പോൾ അപേക്ഷയിൽ ക്ഷമയില്ലാതെവരുന്നു.

MR. P. S. MUHAMED : ക്ഷമകേട്ടു ഉണ്ടാക്കത്തക്കനിലയിൽ ചോദ്യങ്ങൾ ചോദിച്ചാൽ അതു എന്റെ കുറ്റമാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. M. SIVATHANU PILLAI : അപേക്ഷയിൽ ക്ഷമകേട്ട കാണിക്കുന്നു എന്നാണു ഞാൻ പറഞ്ഞതു്.

MR. P. S. MUHAMED : അങ്ങിനെ യാതൊരു ക്ഷമകേടും ഞാൻ കാണിക്കുന്നില്ല.

MR. PUTHUPALLI S. KRISHNA PILLAI : I rise to a point of order. There appears to be some laxity on the part of members in carrying on a sort of desultory conversation. The member is entitled to put a question but not to carry on conversation.

MR. M. SIVATHANU PILLAI : Is the Legal Remembrancer competent to reflect upon the interruptions by a member by way of questions ?

DEPUTY PRESIDENT : He has raised a point of order.

MR. PUTHUPALLI S. KRISHNA PILLAI : Sir, I am entitled to bring to the notice of Chair any matter that transpires in this House, just as any other member is entitled.

DEPUTY PRESIDENT : Yes. You are perfectly in order.

The House adjourned at 5 P. M.

A. GUNAMONY,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly